No. CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## സ്വാശ്രയ മെഡിക്കൽ/ദന്തൽ പ്രവേശനം–2017 ഫീസ് നിരക്കും പ്രവേശനവും സംബന്ധിച്ച്

ബഹു: സുപ്രീം കോടതിയുടെ 09.05.2017–ലെ വിധി പ്രകാരം സംസ്ഥാനങ്ങളിലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ മുഴുവൻ സീറ്റുകളിലെയും പ്രവേശനം നീറ്റ് (യു.ജി) 2017 റാങ്കിന്റെ അടിസ്ഥാനത്തിൽ അതത് സംസ്ഥാന സർക്കാരുകൾ നടത്തുന്ന ഏകീകൃത കൗൺസലിംഗ് വഴിയായിരിക്കും. അത് പ്രകാരം കേരളത്തിലെ മുഴുവൻ എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിലെയും പ്രവേശനം ഏകീകൃത കൗൺസലിംഗ് വഴി സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്. 2017–18 അധ്യയന വർഷം കേരളത്തിലെ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകൾക്ക് ബാധകമായ ഫീസ് നിരക്ക് നിശ്ചയിച്ചുകൊണ്ട് ഫീ റെഗുലേറ്ററി കമ്മിറ്റി 13.07.2017–ന് ഉത്തരവിറക്കിയിരുന്നു. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് നിരക്ക് 17.07.2017 ലെ ഉത്തരവ് പ്രകാരം ബഹു: ഹൈക്കോടതിയും അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഫീസ് നിരക്കിൽ ഫീ റെഗുലേറ്ററി കമ്മിറ്റി പിന്നീട് എന്തെങ്കിലും വ്യത്യാസം വരുത്തുന്ന പക്ഷം അത് വിദ്യാർത്ഥികൾ വഹിക്കാൻ ബാധ്യസ്ഥരായിരിക്കുമെന്നും ബഹു: ഹൈക്കോടതിയുടെ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

2017–18 വർഷം സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകൾക്ക് ഫീസ് നിർണയ സമിതി നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് താഴെപ്പറയുന്നു.

**എം.ബി.ബി.എസ്**

1) 85% സീറ്റുകൾ – 5 ലക്ഷം രൂപ

2) 15% എൻ.ആർ.ഐ സീറ്റുകൾ – 20 ലക്ഷം രൂപ

**ബി.ഡി.എസ്**

1) 85% സീറ്റുകൾ – 2.9 ലക്ഷം രൂപ

2) 15% എൻ.ആർ.ഐ സീറ്റുകൾ – 6 ലക്ഷം രൂപ വരെ

**കുറിപ്പ്:–** എം.ബി.ബി.എസ് കോഴ്സിൽ എൻ.ആർ.ഐ വിഭാഗത്തിനുള്ള ഫീസിൽ നിന്ന് 5 ലക്ഷം രൂപ വരെ ബി.പി.എൽ വിഭാഗത്തിനുള്ള സ്കോളർഷിപ്പ് നൽകുന്നതിനായി മാറ്റി വയ്ക്കുന്നതാണ്.

സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ, പരിയാരം ഡെന്റൽ കോളേജ്, കണ്ണൂർ തുടങ്ങിയവ സർക്കാരുമായി മുൻവർഷത്തെ ഫീസ് നിരക്ക് തന്നെ തുടരുന്നത് സംബന്ധിച്ച് ധാരണയിലെത്തിയിട്ടുണ്ട്. കൂടാതെ എം.ഇ.എസ് മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം, ഡോ. സോമർവെൽ സി.എസ്.ഐ മെഡിക്കൽ കോളേജ്, കാരക്കോണം എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളും മുൻ വർഷത്തെ ഫീസ് നിരക്ക് തുടരുന്നതിന് സർക്കാരുമായി ധാരണയിലെത്തിയിട്ടുണ്ട്. ഈ കോളേജുകളിലെ ഫീസ് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ സ്വാശ്രയ കോളേജുകൾ മുൻ വർഷത്തെ ഫീസ് തുടരുന്നത് സംബന്ധിച്ച് സർക്കാരുമായി ധാരണയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

രണ്ടാം ഘട്ട അലോട്ട്മെന്റിൽ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്നവർ മുഴുവൻ ഫീസ് തുകയും രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം കോളേജുകളിൽ പ്രവേശനം നേടുന്നതിനുള്ള അവസാന തീയതിയ്ക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയിരിക്കണം. തുടർന്ന് ഒഴിവുള്ള സീറ്റുകൾ നികത്തുന്ന സ്പോട്ട് അലോട്ട്മെന്റിൽ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്നവർ മുഴുവൻ ഫീസ് തുകയും സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന സമയത്ത് തന്നെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
25.07.2017